LIBRARY ARCHIVES Kerala Legislative Assembly

## തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

244 (2787) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) ലേബർ കമ്മീഷണറേറ്റിൽ രൂപീകരിച്ച തൊഴിൽ നിയമ പരിഷ്കരണ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നിയമപരിഷ്കരണ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. നിയമപരിഷ്കരണ സമിതി കാലഹരണപ്പെട്ട തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠനം നടത്തുകയും ശിപാർശ പരിശോധിക്കുകയും ചെയ്തുവരുന്നു.

(സി) നിയമ പരിഷ്കരണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് അപ്പോയ്മെന്റ് ലെറ്റർ നൽകുന്നത് സംബന്ധിച്ചും ഹോസ്റ്റൽ സൗകര്യങ്ങൾ, ക്രഷ്, റസ്റ്റ് റൂം എന്നിവ സജ്ജീകരിക്കുന്നതിന് 1970-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ മിനിമം വേജസ് കേരള അമന്റ്മെന്റ് ആക്ട് പ്രകാരം നിയമിക്കുകയുണ്ടായി. കൂടാതെ മിനിമം വേതന നിയമപ്രകാരമുള്ള പിഴത്തുക ഉയർത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ബിൽ നിയമസഭ അംഗീകരിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. WPS സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മിനിമം വേതന നിയമത്തിലും പേയ്മെന്റ് ഓഫ് വേജസ് ആക്ടിലും ഭേദഗതി വരുത്തി. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പിഴ

LIBRARY ARCHIVES Kerala Legislative Assembly

ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ടെക്സ്റ്റൈൽസുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബില്ലിൽ ജീവനക്കാരുടെ എണ്ണം അനുസരിച്ചല്ലാതെ എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958-ന്റെ ഒരു ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളിൽ എക്സ് പാർട്ടി ഓർഡർ പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരം നൽകുന്നതിനും അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകുവാൻ ഡോക്ടർമാരെയും മെഡിക്കൽ ബോർഡുകളെയും ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും പുതുതായി കൂട്ടിച്ചേർത്ത് കേരള എംപ്ലോയീസ് കോമ്പൻസേഷൻ നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലും 27-9-2017 തീയതിയിലെ ഇ 3/102/2017/ തൊഴിൽ നമ്പർ പ്രകാരമുള്ള പ്രാഥമിക നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിജ്ഞാപനം പേയ്മെന്റ് ഓഫ് വേജസ് ആക്ട്-ന്റെ പരിഗണനയിലാണ്. കൂടാതെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഏറ്റവുമൊടുവിലായി Kerala Ease of compliance to maintain Register under Various Labour Laws, Rules, 2018 സർക്കാരിന്റെ പരിഗണനയിലാണ്.

**തൊഴിൽ നയം**

245 (2788) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്.ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം തയ്യാറായിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഉല്പാദന ക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;